## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 326** **07-10-2024 - ൽ മറുപടിയ്ക്ക്**

## മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ വരുത്തിയിട്ടുള്ള മാറ്റങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ; | (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിർവ്വഹണത്തിൽ 2024-25 സാമ്പത്തിക വർഷം കേന്ദ്രസർക്കാർ മാറ്റം വരുത്തിയിട്ടില്ല. |
| (ബി) | പ്രസ്തുത പദ്ധതി അനുസരിച്ച് ഒരു ദിവസം ഒരു വ്യക്തി എത്ര മണിക്കൂർ ജോലി ചെയ്യണമെന്നും ഏതെല്ലാം ജോലികളാണ് ചെയ്യേണ്ടതെന്നും വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത പദ്ധതിയിൽ ഒരു തൊഴിലുറപ്പ് തൊഴിലാളി ഒരു മണിക്കൂർ വിശ്രമം അടക്കം 8 മണിക്കൂർ തൊഴിലുറപ്പ് പദ്ധതിയിൽ ഏർപ്പെടേണ്ടതാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിർവ്വഹണ മാർഗ്ഗനിർദ്ദേശ പ്രകാരം 266 തരം പ്രവൃത്തികൾ ചെയ്യുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. ഈ പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ ഉൾപ്പെട്ടുവരുന്ന അവിദഗ്ധ തൊഴിൽ ആണ് തൊഴിലുറപ്പ് തൊഴിലാളി ചെയ്യേണ്ടത്. |
| (സി) | തൊഴിലുറപ്പ് പദ്ധതിയുടെ മാനദണ്ഡത്തിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഇത് സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിൽ പ്രൊപ്പോസൽ നൽകിയിട്ടുണ്ടോ; വിശദീകരിക്കാമോ? | (സി) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005-ലെ വ്യവസ്ഥകളെ അടിസ്ഥാനമാക്കിയാണ് രാജ്യത്ത് തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കി വരുന്നത്. തൊഴിലുറപ്പ് പദ്ധതി ഒരു കേന്ദ്രാവിഷ്കൃത പദ്ധതി ആയതിനാൽ സംസ്ഥാനങ്ങൾക്ക് മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്താൻ കഴിയുകയില്ല. സംസ്ഥാനത്തിന്റെ ഭൂമിശാസ്ത്രവും സാമൂഹിക-സാമ്പത്തിക-ജനസംഖ്യാപരവുമായ സവിശേഷതകൾ പരിഗണിച്ച്, ചെലവഴിക്കുന്ന മൊത്തം തുകയുടെ 10% എങ്കിലും സംസ്ഥാനത്തിന് അനുയോജ്യമായ രീതിയിൽ പദ്ധതി നടപ്പാക്കാൻ അനുമതി നൽകണമെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ പദ്ധതി പ്രകാരം ഏറ്റെടുക്കാൻ കഴിയുന്ന പ്രവൃത്തികളുടെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള വിവിധ പ്രവൃത്തികൾ സംബന്ധിച്ചും, തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ചുമുള്ള പ്രൊപ്പോസലുകൾ |

| | | | |
|---|---|---|---|
| | | | കേന്ദ്രസർക്കാരിന് നൽകിയിട്ടുണ്ട്. എന്നാൽ, നാളിതുവരെയായി അനുകൂല തീരുമാനം ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ